# പതിനാലാം കേരള നിയമസഭ
# (നാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:98** **02.03.2017-ൽ മറുപടിയ്ക്ക്**

## തീരദേശ ഹരിത ഇടനാഴി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ദാസൻ<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.എ.എം. ആരിഫ്<br>ശ്രീ. കെ. ആൻസലൻ | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന തീരദേശ ഹരിത ഇടനാഴി പദ്ധതിയുടെ വിശദാംശം നൽകുമോ; പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; | എ) | തീരദേശമേഖലയിലെ മത്സ്യബന്ധന തുറമുഖങ്ങളെയും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളെയും ബന്ധിപ്പിച്ചുകൊ ണ്ട് ഗ്രീൻ കോറിഡോർ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രീ-ഫീസിബിലിറ്റി റിപ്പോർട്ട് ഹാർബർ എൻജിനീയറിംഗ് വകുപ്പിൽ നിന്നും ലഭ്യമായിട്ടുണ്ട്. പദ്ധതി സംബന്ധിച്ച് അവസാന തീരുമാനമെടുത്തിട്ടില്ല. അതിനാൽ കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടില്ല. കൂടാതെ ടി പദ്ധതി പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം നടപ്പാക്കുമെന്നാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. |
| ബി) | ഈ പദ്ധതി നടപ്പാക്കിയാൽ തീരദേശത്ത് ഉണ്ടാകാവുന്ന പുരോഗതിയെക്കുറിച്ച് അറിയിക്കാമോ; | ബി) | സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലേയും മത്സ്യബന്ധന തുറമുഖങ്ങളേയും, കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളേയും പരസ്പരം ബന്ധിപ്പിക്കുക എന്ന ലക്ഷ്യമിട്ടാണ് തീരദേശത്തെ നിലവിലുള്ള റോഡുകളെ ബന്ധിപ്പിച്ചു കൊണ്ട് ഒരു റോഡ് ശൃംഖല 'ഹരിത ഇടനാഴി' എന്ന പേരിൽ ആരംഭിക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിച്ചത്. തീരദേശ മേഖലയിലെ മെച്ചപ്പെട്ട യാത്രാസൗകര്യവും സമഗ്ര വികസനവും പദ്ധതി ലക്ഷ്യമിടുന്നു. |
| സി) | പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി എത്ര കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇവരുടെ പുനരധിവാസം ആസൂത്രണം ചെയ്തിരിക്കുന്നത് ഏതു വിധത്തിലാണ് എന്ന് വിശദീകരിക്കാമോ? | സി) | പദ്ധതിയുടെ അന്തിമ രൂപം തയ്യാറാക്കിയിട്ടില്ലാത്തതിനാൽ പുനരധിവസിപ്പിക്കേണ്ട വരുടെ കൃത്യമായ എണ്ണം കണക്കാക്കുവാൻ കഴിഞ്ഞിട്ടില്ല. ഗ്രീൻ കോറിഡോറിന്റെ അലൈൻമെന്റും മറ്റും കൃത്യമായി നിശ്ചയിച്ചു കഴിയുമ്പോൾ മാത്രമാണ് പുനരധിവസിപ്പിക്കേണ്ടവരുടെ എണ്ണം കൃത്യമായി കണക്കാക്കുവാൻ കഴിയുക. പരമാവധി നിലവിലുള്ള റോഡുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തിയും അവയ്ക്ക് പ്രധാന റോഡുകളുമായി ലിങ്കേജ് ഉ ണ്ടാക്കിയുമാണ് പദ്ധതി നടപ്പിലാക്കാൻ |

ഉദ്ദേശിച്ചിരുന്നത്. ആയതിനാൽ പുനരധിവാസവും ഏറെ കുറവായിരിക്കും. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന സമയത്ത് പുനരധിവാസ പദ്ധതിയും ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ തീരദേശഹൈവേ പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലാണ്.

സെക്ഷൻ ആഫീസർ